പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1251

21.03.2013-ലെ മറുപടിയ്ക്ക്

## സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.ബി.അബ്ദുൾ റസാക് | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ എല്ലാ മണ്ഡലങ്ങളിലും നടപ്പിലാക്കുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലേക്കുമുള്ള സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ പ്രവർത്തന സജ്ജമായിട്ടുണ്ട്. ഇവയുടെ പ്രവർത്തനം ഈ മാസത്തിൽ തന്നെ തുടങ്ങുന്നതാണ്. |
| (ബി) നിലവിൽ കാസർഗോഡ് ജില്ലയിലെ ഏതൊക്കെ മണ്ഡലങ്ങളിൽ പ്രസ്തുത സ ൗ കര്യം ലഭ്യമാക്കിയിട്ടുണ്ട്; | (ബി) കാസർഗോഡ് ജില്ലയിൽ കാസർഗോഡ്, തൃക്കരിപ്പൂർ, കാഞ്ഞങ്ങാട്, മഞ്ചേശ്വരം എന്നീ മണ്ഡലങ്ങളിൽ മൊബൈൽ ത്രിവേണി പ്രവർത്തിയ്ക്കുന്നുണ്ട്. ഉദുമ മണ്ഡലത്തിലെ മൊബൈൽ ത്രിവേണി ഉടനെ പ്രവർത്തനം ആരംഭിയ്ക്കുന്നതാണ്. |
| (സി) കാലതാമസം കൂടാതെ പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (സി) ഈ സാമ്പത്തിക വർഷത്തിൽ തന്നെ പദ്ധതി പൂർത്തീകരിക്കുന്നതാണ്. |

(ഡി) മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ തുടങ്ങാനുള്ള നടപടി സ്വീകരിക്കുമോ?

(ഡി) നിലവിൽ സപ്ലൈകോയുടെ വിൽപ്പന ശാലകൾ ഇല്ലാത്ത പഞ്ചായത്തുകൾക്ക് മുൻഗണന നൽകിയാണ് മാവേലി സ്റ്റോറുകൾ അനുവദിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയോ എം.എൽ.എ/എം.പി. എന്നിവരുടെയോ മാവേലി സ്റ്റോർ ആരംഭിക്കണമെന്നുള്ള അപേക്ഷയിൻമേൽ സാദ്ധ്യതാ പഠനം നടത്തി സാമൂഹികപരമായും വാണിജ്യപരമായും സാമ്പത്തികപരമായും ഗുണകരമാണെന്ന് കണ്ടെത്തിയാൽ സപ്ലൈകോയുടെ നിബന്ധനകൾക്ക് വിധേയമായി ജീവനക്കാരുടെ ലഭ്യത അനുസരിച്ച് ടി പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ അനുവദിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ